നമ്പർ: B-401/2026

സാമൂഹികാരോഗ്യകേന്ദ്രം, കുമ്പളങ്ങി
തീയതി: 22.10.2026

## ടെണ്ടർ നോട്ടീസ്

പള്ളുരുത്തി ബ്ലോക്ക് പഞ്ചായത്ത് വാർഷിക പദ്ധതി "സെക്കണ്ടറി പാലിയേറ്റീവ് കെയർ" ന്റെ ഭാഗമായി കുമ്പളങ്ങി സാമൂഹികാരോഗ്യകേന്ദ്രത്തിലേക്കാവശ്യമായ ഇതോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുള്ള അനക്സർ പ്രകാരമുള്ള സാധനങ്ങൾ വിതരണം ചെയ്യുന്നതിനായി അംഗീകൃത വ്യാപാരികളിൽ/സ്ഥാപനങ്ങളിൽ നിന്നും മുദ്രവെച്ച കവറുകളിൽ മൽസരാധിഷ്ഠിതമായ ടെണ്ടറുകൾ ക്ഷണിച്ചുകൊള്ളുന്നു.

| | |
|---|---|
| അടങ്കൽ തുക | 4,50,000/- |
| ടെണ്ടർ ഫോറം കൊടുത്തു തുടങ്ങുന്ന തീയതി | 22.10.2026 |
| ടെണ്ടർ ഫോറം വിതരണം ചെയ്യുന്ന അവസാന തീയതി | 05.11.2026 |
| ടെണ്ടർ ഫോറം സ്വീകരിക്കുന്ന അവസാന തീയതിയും സമയവും | 06.11.2026 രാവിലെ 11.00 |
| ടെണ്ടർ തുറക്കുന്ന തീയതിയും സമയവും | 06.11.2026 ഉച്ചയ്ക്ക് 02.30 |
| ടെണ്ടർ ഫോമിന്റെ വില | 900 + GST |
| നിരതദ്രവ്യം | 4,500/- |

ടെണ്ടറുകൾ മുദ്രവെച്ച കവറുകളിൽ "Tender for Secondary Palliative items" എന്ന് രേഖപ്പെടുത്തി മെഡിക്കൽ ഓഫീസർ ഇൻ ചാർജ്ജ്, സാമൂഹികാരോഗ്യകേന്ദ്രം, കുമ്പളങ്ങി യുടെ പേരിലുള്ള Demand Draft രൂപത്തിലുള്ള നിരതദ്രവ്യത്തിനൊപ്പം മെഡിക്കൽ ഓഫീസർ ഇൻ ചാർജ്ജ്, സാമൂഹികാരോഗ്യകേന്ദ്രം, കുമ്പളങ്ങി എന്ന വിലാസത്തിൽ നിശ്ചിത സമയപരിധിക്കുള്ളിൽ തന്നെ സമർപ്പിക്കേണ്ടതാണ്. ആയതിന് ശേഷം സമർപ്പിക്കുന്ന ടെണ്ടർ യാതൊരു കാരണവശാലും സ്വീകരിക്കുന്നതല്ല. യാതൊരു മുന്നറിയിപ്പ് കൂടാതെയും കാരണം കാണിക്കാതെയും ടെണ്ടർ ഭാഗികമായോ പൂർണമായോ നിരസിക്കുന്നതിനും റദ്ദാക്കുന്നതിനുമുള്ള അധികാരം താഴെ ഒപ്പ് വെച്ചിരിക്കുന്ന വ്യക്തിയിൽ നിക്ഷിപ്തമായിരിക്കും.

ടെണ്ടർ നിബന്ധനകളും അനക്സറും കൃത്യമായി വായിച്ചു മനസ്സിലാക്കിയതിന് ശേഷം ടെണ്ടർ സമർപ്പിക്കേണ്ടതാണ്

ടെണ്ടർ ഫോറം പ്രവൃത്തി ദിവസങ്ങളിൽ രാവിലെ 10.30 മുതൽ വൈകീട്ട് 03.00 വരെ ഓഫീസിൽ നിന്ന് വിതരണം ചെയ്യുന്നതായിരിക്കും.

**കുറിപ്പ്:-**

12. പ്രവർത്തി ദിവസങ്ങളിൽ രാവിലെ 10.30 മുതൽ ഉച്ചയ്ക്ക് 01.00 മണി വരെയും ഉച്ചയ്ക്ക് ശേഷം 02.00 മണി മുതൽ 03.00 മണി വരെയും മാത്രമേ ടെണ്ടർ ഫോമുകൾ വിതരണം ചെയ്യുകയുള്ളു.

13. ഈ സ്ഥാപനത്തിൽ നിന്ന് അനുവദിച്ച് നൽകുന്ന ടെണ്ടർ ഫോമുകൾ മാത്രമേ സ്വീകരിക്കുകയുള്ളു.
14. നികുതികൾ ഉൾപ്പെടെയുള്ള വിലയാണ് രേഖപ്പെടുത്തേണ്ടത്.
15. ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയിട്ടുള്ള ടെണ്ടർ മറ്റ് നടപടിക്രമങ്ങൾ പാലിച്ചിട്ടുള്ള പക്ഷം അംഗീകരിച്ച് ഉറപ്പിക്കുന്നതായിരിക്കും.
16. ഈ ടെൻഡർ നോട്ടീസ് ലിസ്റ്റ് പ്രകാരമുള്ള സാധനങ്ങൾക്ക് കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ ലിമിറ്റഡ് റണ്ണിങ് / റേറ്റ് കോൺട്രാക്ട് , ഈ സ്ഥാപനമോ , ഈ സ്ഥാപനവുമായി ബന്ധപ്പെട്ട മറ്റ് സ്ഥാപനങ്ങളുമായി ഉള്ള കോൺട്രാക്ട് , സർക്കാരിൽ നിന്നുള്ള വിതരണം എന്നിവ ഉള്ള പക്ഷം ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ നിന്ന് മാത്രം പ്രസ്തുത സാധനങ്ങൾ വാങ്ങുന്നതിനുള്ള അധികാരം മെഡിക്കൽ ഓഫീസർ ഇൻ ചാർജിന് ഉണ്ടായിരിക്കുന്നതാണ്
17. ടെണ്ടർ ലഭിക്കുന്ന വ്യക്തി/സ്ഥാപനം മെഡിക്കൽ ഓഫീസർ ഇൻ ചാർജുമായി 200/- രൂപ വിലയുള്ള മുദ്രവപത്രത്തിൽ നിശ്ചിത മാതൃകയിൽ കരാറിൽ ഏർപ്പെടേണ്ടതും ടെണ്ടർ തുകയുടെ 5% പെർഫോർമൻസ് സെക്യൂരിറ്റി ഇനത്തിൽ ആശുപത്രി മാനേജ്മെന്റ് കമ്മിറ്റി ഫണ്ടിലേക്ക് ഒടുക്കേണ്ടതുമാണ്.
18. നിയമാനുസൃതമായ ടെണ്ടർ ഫീ, നിരത ദ്രവ്യം (EMD) എന്നിവയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടുള്ളവർ ആയത് സംബന്ധിച്ച സർക്കാർ ഉത്തരവ്, മറ്റ് രേഖകൾ എന്നിവ ടെണ്ടറിനൊപ്പം ഹാജരാക്കേണ്ടതാണ്. അല്ലാത്തപക്ഷം ടെണ്ടർ ഫീ, നിരത ദ്രവ്യം (EMD) എന്നിവ നിർബന്ധമായും അടക്കേണ്ടതാണ്
19. ടെണ്ടർ തുറക്കുന്ന ദിവസം ഏതെങ്കിലും കാരണവശാൽ അവധിയായി പ്രഖ്യാപിക്കുന്ന പക്ഷം തൊട്ടടുത്ത പ്രവൃത്തി ദിവസം ടി നടപടികൾ സ്വീകരിക്കുന്നതാണ്.
20. ടെണ്ടർ നടപടിക്രമങ്ങൾ പൂർണമായും കേരള സർക്കാരിന്റെ സ്റ്റോർ പർച്ചേസ് മാന്വലിന് വിധേയമായിട്ടായിരിക്കും
21. മുഴുവൻ ഐറ്റങ്ങൾക്കോ ഭാഗികമായോ ടെണ്ടറിൽ പങ്കെടുക്കാവുന്നതാണ്
22. ടെണ്ടർ സംബന്ധിച്ച സംശയങ്ങൾക്ക് പ്രവൃത്തി സമയങ്ങളിൽ ഓഫീസ് മുഖേന നിവാരണം വരുത്താവുന്നതാണ്.

COMMUNITY HEALTH CENTRE, KUMBALANGHI * KOCHI-7 *

മെഡിക്കൽ ഓഫീസർ ഇൻ ചാർജ്ജ്

DR. അഷാമോൾ. ആർ
മെഡിക്കൽ ഓഫീസർ ഇൻ-ചാർജ്ജ്
സാമൂഹികാരോഗ്യകേന്ദ്രം
കുമ്പളങ്ങി, കൊച്ചി 7

നോട്ടീസ് ബോർഡ്
പകർപ്പ്:

8. ജില്ല മെഡിക്കൽ ഓഫീസ് (ആ), എറണാകുളം
9. സെക്രട്ടറി,പള്ളുരുത്തി ബ്ലോക്ക്പഞ്ചായത്ത്
10. സെക്രട്ടറി ,കുമ്പളങ്ങി ഗ്രാമ പഞ്ചായത്ത്
11. വില്ലേജ് ഓഫീസ്,കുമ്പളങ്ങി
12. സൂപ്രണ്ട്, താലൂക്ക് ആശുപത്രി, പള്ളുരുത്തി
13. മെഡിക്കൽ ഓഫിസർ, പ്രാഥമികാരോഗ്യകേന്ദ്രം ചെല്ലാനം/കണ്ടക്കടവ്
14. ഫയൽ / സ്റ്റോക്ക് ഫയൽ

# ANNEXURE

| SL No. | Item | Quantity |
|---|---|---|
| 1. | COLOPLAST WAFER , 70MM | 1000 |
| 2. | COLOPLAST POUCH , 70MM | 1000 |
| 3. | UROSTOMY WAFER 50 MM | 200 |
| 4. | UROSTOMY POUCH 50 MM | 200 |
| 5. | COLOSTOMY SINGLE PIECES | 1000 |